(ഇ) അങ്ങനെ ഒരു നടപടി സ്വീകരിക്കുന്നതിന് നിർവാഹമില്ല. എന്നാൽ പോലീസുകാർക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള റിസർവേഷൻ 10 ശതമാനമായി ഉയർത്തുന്നതിന് പി. എസ്. സി. യുമായി ആലോചിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്

പാരലൽ കോളേജ് വിദ്യാർത്ഥികളുടെ സത്യാഗ്രഹസമരം

* 131 [140] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരലൽ കോളേജ് വിദ്യാർത്ഥികൾ നടത്തിയ സത്യാഗ്രഹ സമരത്തിൽ അവർ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ എന്തെല്ലാം;

(ബി) അവരുടെ സംഘടനാ പ്രതിനിധികളുമായി നടത്തിയ കൂടിയാലോചനകൾ വഴി ഏതെല്ലാം കാര്യത്തിൽ തീരുമാനമുണ്ടായി;

(സി) അവർ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ അംഗീകരിക്കുകയാണെങ്കിൽ കൂടുതലായി എത്ര രൂപാ കൂടി വേണ്ടിവരും?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) പാരലൽ കോളേജ് വിദ്യാർത്ഥികൾ വിവിധ വിദ്യാർത്ഥി സംഘടനകൾ മുഖാന്തിരം ഉന്നയിച്ച ആവശ്യങ്ങൾ താഴെ പറയുന്നവയാണ്:

1. പാരലൽ കോളേജുകളിൽ പ്രൈവറായി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും ലഭ്യമാക്കുക.

2. പ്രൈവറായി രജിസ്റർ ചെയ്ത വിദ്യാർത്ഥികൾക്കും യൂണിവേഴ്സിറ്റി യൂണിയനിൽ പ്രാതിനിധ്യം നൽകുക.

3. പ്രൈവറ് രജിസ്ട്രേഷനുള്ള ഫീസ് കുറക്കുക, പാരലൽ കോളേജുകളിലെ ഫീസ് നിയന്ത്രിക്കുക.

4. പാരലൽ കോളേജുകളുടേയും ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെയുംമേൽ നിയന്ത്രണം ഏർപ്പെടുത്തുക.

5. പാരലൽ കോളേജ് വിദ്യാർത്ഥികൾക്കുവേണ്ടി യൂണിവേഴ്സിറ്റിയിൽ ഒരു പ്രത്യേക വിഭാഗം ആരംഭിക്കുക.

6. പാരലൽ കോളേജ് വിദ്യാർത്ഥികൾക്കുകൂടി യാത്രാ സൗജന്യം അനുവദിക്കുക.

7. പാരലൽ കോളേജുകൾ യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടുകൂടി മാത്രമേ ആരംഭിക്കുവാൻ പാടുള്ളു എന്ന നിയമ നിർമ്മാണം നടത്തുക.

8. പാരലൽ കോളേജുകളിലെ അദ്ധ്യാപകർ നിശ്ചിത യോഗ്യതയുള്ളവരായിരിക്കണമെന്ന നിയമം ഉണ്ടാക്കുക.

9. യൂണിവേഴ്സിറ്റി കലോൽസവങ്ങളിലും കായിക മൽസരങ്ങളിലും പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുക.

(ബി) അവരുടെ സംഘടനാ പ്രതിനിധികളുമായി നടത്തിയ കൂടിയാലോചനകൾ വഴി താഴെ പറയുന്ന കാര്യങ്ങളിൽ തീരുമാനമുണ്ടായി.

1. സർവകലാശാലകളിലെ പ്രൈവറ് രജിസ്ട്രേഷനെക്കുറിച്ചും അപ്രകാരം രജിസ്റർ ചെയ്ത വിദ്യാർത്ഥികളുടെ പ്രശ്നങ്ങളെക്കുറിച്ചും പഠിച്ച് ഗവൺമെൻറിന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു ഏകാംഗ കമ്മീഷനെ നിയമിക്കാമെന്ന് ഗവൺമെൻറ് സമ്മതിച്ചു.



LIBRARY ARCHIVES Kerala Legislative Assembly

പ്രൈവറ്റ് രജിസ്ട്രേഷൻ ക്രമേണ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ എന്തൊക്കെ നടപടി സ്വീകരിക്കണമെന്നും അതിനിടയിൽ വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിച്ച് എന്തെല്ലാം ചെയ്യണമെന്നും അതിനുവേണ്ടി വരുന്ന സാമ്പത്തിക ബാദ്ധ്യത എന്തുമാത്രമായിരിക്കുമെന്നും കമ്മീഷൻ അന്വേഷിക്കും. രണ്ടുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നും കമ്മീഷനോട് ആവശ്യപ്പെടുന്നതാണ്.

2. പ്രൈവറ്റ് രജിസ്ട്രേഷനുള്ള ഫീസ് ഏകീകരിക്കണമെന്ന നിർദ്ദേശം കേരളാ-കോഴിക്കോട് സർവകലാശാലകളുടെ പരിഗണനയ്ക്ക് അയയ്ക്കാമെന്നും ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്.

(സി) ഈക്കാര്യം ഏകാംഗ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചതിനു ശേഷമേ അറിയുവാൻ നിർവാഹമുള്ളൂ.

## സൈലൻറുവാലി പദ്ധതി സംബന്ധിച്ച കേന്ദ്രനിർദ്ദേശം

* 132 [141] ശ്രീ. ലോനപ്പൻ നമ്പാടൻ:

,, സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈലൻറ്വാലി പദ്ധതി പുനഃപരിശോധന നടത്തണമെന്നു പ്രധാനമന്ത്രി മുഖ്യമന്ത്രിക്കു എഴുതിയിട്ടുണ്ടോ;

(ബി) മുൻപ്രധാനമന്ത്രി പദ്ധതിയുമായി മുന്നോട്ടു പോകാൻ എഴുതിയിട്ടുണ്ടോ;

(സി) ഈ പദ്ധതിയെ തടയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ ആരെങ്കിലും കേസ് ഫയൽ ചെയ്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ഇക്കാര്യം ചർച്ച ചെയ്യണമെന്ന് പ്രധാനമന്ത്രി മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കേസ് ഫയൽ ചെയ്തിട്ടുണ്ട്.

## കൺസൾട്ടേറ്റീവ് കമ്മിറ്റികൾ

* 133 [143] ശ്രീ. എം. വി. മാണി:

,, ഈപ്പൻ കണ്ടക്കുടി:

ഡോ: ജോർജ്ജ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം മന്ത്രികാര്യാലയങ്ങളോടനുബന്ധിച്ച് കൺസൾട്ടേറ്റീവ് കമ്മിറ്റികൾ നിലവിലുണ്ട്;

(ബി) ഒരിക്കൽപോലും സമ്മേളിക്കാത്ത കൺസൾട്ടേറ്റീവ് കമ്മിറ്റികൾ ഉള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇങ്ങനെയുള്ള കമ്മിറ്റികൾ വിളിച്ചുകൂട്ടണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly